# ഭജഗോവിന്ദം

भज गोविन्दं भज गोविन्दं
गोविन्दं भज मूढमते।
संप्राप्ते सन्निहिते काले
न हि न हि रक्षति डुकृञ् करणे।। १

സ്തുതിക്ക ഗോവിന്ദനെ സ്തുതിക്ക ഗോവിന്ദനെ
സ്തുതിക്ക ഗോവിന്ദനെ സ്തുതിക്ക മൂഢാത്മാവേ
മരണം വന്നെത്തി നിൻ പടിവാതിലിൽ നിൽക്കെ
ഡുകൃഞ്ക്കരണേയെന്നുചൊല്ലിയാൽ ഫലം വരാ.

मूढ जहीहि धनागमतृष्णां
कुरु सद्बुद्धिं मनसि वितृष्णाम्।
यल्लभसे निकर्मोपात्तं
वित्तं तेन विनोदय चित्तम्।। २

മൂഢ നീ വെടിയേണം ധനചിന്തയെ നിത്യം
മാനസെ സൽബുദ്ധിയും ത്യാഗവും വളർത്തേണം.
തൻതൊഴിൽ നിമിത്തമായ് യാതൊന്നു ലഭിക്കുന്നു-
ണ്ടതിനാൽതന്നെ നിത്യ സന്തോഷം ഭജിയ്ക്ക നീ.

नारीस्तनभरनाभीदेशं
दृष्ट्वा मा गा मोहावेशम्।
एतन्मांसवसादिविकारं
मनसि विचिन्तय वारं वारम्।। ३

നാരിയാം ജനത്തിന്റെ നാഭിയും മാറും കണ്ട്
മാനസേ പരിഖേദം പ്രാപിക്കവേണ്ട സഖേ.
പച്ചയാം മാംസത്തിന്റെ കൊതിയൻ താനെന്നൊരു
സത്യവും ധരിയ്ക്കേണം ചിത്തത്തിൽ വീണ്ടും വീണ്ടും

नलिनीदलगतजलमतितरलं
तद्वज्जीवितमतिशयचपलम्।
विद्धि व्याध्यभिमानग्रस्तं
लोकं शोकहतं च समस्तम्।। ४

താമരയിതളതിൽ വെള്ളമോ ചപലം കേ-
ളതുപോൽ കരുതേണം ജീവിതത്തെയും നമ്മൾ
രോഗവുമഹങ്കാരം തിങ്ങുമീ ലോകം താനോ
ദുഃഖത്താൽ നിറയുന്ന സമസ്തവുമൊരുപോലെ.

यावद्वित्तोपार्जनसक्त-
स्तावन्निजपरिवारो रक्तः।
पश्चाज्जीवति जर्जरदेहे
वार्तां कोऽपि न पृच्छति गेहे।। ५

എത്രയും കാലം നിങ്ങൾ ധനത്തെ സമ്പാദിപ്പൂ
അത്രയും കാലം നിജ കുടുംബവും സന്തോഷിക്കും.
ദേഹവും ക്ഷീണിച്ചൊട്ടു ജീവിതം നയിച്ചീടിൽ
ക്ഷേമത്തെ ചോദിച്ചീടാ ആരാരും ധരിക്ക നീ.

यावत्पवनो निवसति देहे
तावत्पृच्छति कुशलं गेहे।
गतवति वायौ देहापाये
भार्या बिभ्यति तस्मिन्काये।। ६

നിൻദേഹം തന്നിൽ ശ്വാസം നിൽക്കുന്ന കാലത്തോളം
ക്ഷേമങ്ങൾ ചോദിച്ചീടും വീട്ടിലുള്ളവർ നിത്യം.
പ്രാണങ്ങൾ പോയിട്ടയ്യോ നീ തെല്ലു കിടന്നീടിൽ
ഭാര്യതൻ ഭയത്തിന്നായ് നിൻദേഹം ഭവിച്ചിടും.

बालस्तावत्क्रीडासक्त-
स्तरुणस्तावत्तरुणीसक्तः।
वृद्धस्तावच्चिन्तासक्तः
परमे ब्रह्मणि कोऽपि न सक्तः।। ७

ബാലരോ നിത്യം തന്നെ കളിയിൽ ലയിക്കുന്നു
യൗവനരോ നിത്യം വൃഥാ പെണ്ണതിൽ ഭ്രമിക്കുന്നു
വൃദ്ധരോ നിത്യം ചിന്താഗ്രസ്തരായ് ഭവിക്കുന്നു
പരമേ ബ്രഹ്മം തന്നിലാരുണ്ടു ലയിക്കുന്നു.

का ते कान्ता कस्ते पुत्रः
संसारोऽयमतीव विचित्रः।
कस्य त्वं वा कुत आयात-
स्तत्त्वं चिन्तय तदिह भ्रातः।। ८

ആരുനിൻ പത്നീ മൂഢാ ആരുനിൻ പുത്രൻ താനോ
ചുറ്റുമേ കാണും ലോകം ചിത്രമേ പറയാവൂ
ആരുനീയെന്നുള്ളതും എങ്ങുനിന്നെത്തിയെന്നു
മുള്ളത്തിൽ ധരിയ്ക്കേണം എന്നുടെ സഹോദരാ

सत्सङ्गत्वे निस्सङ्गत्वं
निस्सङ्गत्वे निर्मोहत्वम्।
निर्मोहत्वे निश्चलतत्त्वं
निश्चलतत्त्वं जीवन्मुक्तिः।। ९

സജ്ജനത്തോടുചേർന്നാലാർത്തിയോ നശിച്ചീടും
ആർത്തിനാശത്താൽ തന്നെ മോഹവുമകന്നീടും
മോഹനാശത്താലല്ലോ സത്യവും തെളിയുന്നു
സത്യത്താലല്ലോ ജീവന്മുക്തനായ് ഭവിക്കുന്നു

वयसि गते कः कामविकारः
शुष्के नीरे कः कासारः।
क्षीणे वित्ते कः परिवारो।।
ज्ञाते तत्त्वे कः संसारः।। १०

പ്രായമോ കവിഞ്ഞീടിൽ ആരുതാൻ കാമഭ്രാന്തൻ
വെള്ളമോ വറ്റിപ്പോയാൽ പൊയ്കതൻ കഥയെന്തു
സമ്പത്തു കുറഞ്ഞീടിൽ കുടുംബമെന്നൊന്നുണ്ടോ
സത്യം താനറിഞ്ഞ്ഞീടിൽ ലോകത്തിൻ ഗതിയെന്തോ

मा कुरु धनजनयौवनगर्वं
हरति हरति निमेषात्कालः सर्वम्।
मायामयमिदमखिलं बुध्वा
ब्रह्मपदं त्वं प्रविश विदित्वा।। ११

ഗർവ്വത്തെയകറ്റേണം ധനവാൻ താനെന്നതും
സർവ്വവും നശിക്കുമേ ക്ഷീണത്താലോർക്കേണം നീ
ചുറ്റുമേ കാണും ലോകം മായയെന്നറിയേണം
ബ്രഹ്മത്തിൽ ലയിയ്ക്കേണം മനസ്സും ശരീരവും

दिनयामिन्यौ सायं प्रातः
शिशिरवसन्तौ पुनरायातः।
कालः क्रीडति गच्छत्यायु-
स्तदपि न मुञ्चत्याशावायुः।। १२

രാവുകൾ പകലുകൾ സന്ധ്യകൾ പ്രഭാതങ്ങൾ
ശിശിരം വസന്തവും വന്നുപോകുന്നു ക്രമാത്
കാലമോ കളിയ്ക്കയാമായുസ്സോ കുറയുന്നു
കൈവിടുന്നില്ലാരും കേളാശയാം വിപത്തിനെ

का ते कान्ताधनगतचिन्ता
वातुल किं तव नास्ति नियन्ता।
त्रिजगति सज्जनसंगतिरेका
भवति भवार्णवतरणे नौका।। १३

കാന്തയെങ്ങയ്യോ മൂഢാ ധനചിന്തയോ നിന്റെ
കാര്യങ്ങൾ നിയന്ത്രിക്കും ശക്തിയൊന്നില്ലേ മീതെ
സജ്ജനത്തോടുചേർന്നുകൊള്ളുക യുഗത്തിങ്കൽ
സംസാരക്കടൽ താണ്ടാനിതുതാൻ പോതമല്ലോ

जटिलो मुण्डी लञ्छितकेशः
काषायाम्बरबहुकृतवेषः।
पश्यन्नपि च न पश्यति मूढो
ह्युदरनिमित्तं बहुकृतवेषः।। १४

ജടകൾ പിരിച്ചിട്ടും തലകൾ വടിച്ചിട്ടും
കാവിവസ്ത്രത്താൽ നിത്യം വേഷങ്ങൾ ധരിച്ചിട്ടും
കാണുന്നെങ്കിലും കണ്ണാൽ കണ്ടിടാ മൂഢർ സത്യം
ഉദരം നിറയ്ക്കാനായ് വേഷങ്ങൾ പലവിധം.

अङ्गं गलितं पलितं मुण्डं
दशनविहीनं जातं तुण्डम्।
वृद्धो याति गृहीत्वा दण्डं
तदपि न मुञ्चन्त्याशापिण्डम्।१५

അംഗങ്ങൾ ശോഷിച്ചല്ലോ മുടിയും നരച്ചുപോയ്
പല്ലുകൾ കൊഴിഞ്ഞല്ലോ ഒട്ടിപ്പോയ് കവിളുകൾ
വടിയും കുത്തിക്കൊണ്ട് ഗമിക്കും വൃദ്ധർ തന്റെ
മതിവന്നതുമില്ല ആശയ്ക്കുമതോ കഷ്ടം.

अग्रे वह्निः पृष्ठे भानुः
रात्रौ चिकुरसमर्पितजानुः।
करतलभिक्षस्तरुतलवास–
स्तदपि न मुञ्चन्त्याशापाशः।। १६

മുന്നിലോ തീയ്യും നോക്കൂ പിന്നിലോ സൂര്യൻ താനും
രാത്രിയിൽ കുനിഞ്ഞുകൂടിയിരിപ്പൂ വൃദ്ധജനം.
കയ്യിലോ ഭിക്ഷാപാത്രം കിടപ്പോ മരച്ചോട്ടിൽ
എന്നാലും വെടിയുമോ ആശയാം പാശത്തിനെ.

कुरुते गङ्गासागरगमनं
व्रतपरिपालनमथवा दानम्।
ज्ञानविहीनः सर्वमतेन
भजति न मुक्तिं जन्मशतेन।। १७

മൂഢരാം ജനങ്ങൾക്കേൾ ഗംഗയെ ഭജിച്ചാലും
ദാനധർമ്മങ്ങൾ വ്രതം എന്നിവ നോറ്റീടിലും
ലഭിയാ തെല്ലും മോക്ഷം ഹന്തഹന്തയീജന്മ
മീവിധമുരയ്ക്കുന്നു ശാസ്ത്രങ്ങൾ പലതുംതാൻ.

सुरमन्दिरतरुमूलनिवासः
शय्या भूतलमजिनं वासः।
सर्वपरिग्रहभोगत्यागः
कस्य सुखं न करोति विरागः।।१८

അമ്പലപ്പറമ്പിലെ വൃക്ഷത്തിൻ ചുവട്ടിലും
മണ്ണതിൽ കിടന്നാലും മാനിന്തോലുടുത്താലും
സർവ്വവുമുപേക്ഷിച്ചു വസിക്കിൽ സുഖം തന്നെ
ത്യാഗത്താൽ ലഭിയാത്ത സുഖം താൻ മറ്റെന്തുള്ളൂ.

योगरतो वा भोगरतो वा
सङ्गरतो वा सङ्गविहीनः।
यस्य ब्रह्मणि रमते चित्तं
नन्दति नन्दति नन्दत्येव।। १९

യോഗത്തിൽ ജ്ഞാനിയാട്ടെ ഭോഗത്താൽ രമിച്ചോട്ടെ
കൂട്ടുനീ കൂടീടിലും തനിയെ വസിച്ചാലും
ആരുതൻ മനമതിൽ ബ്രഹ്മം താൻ വിരിയുന്നു
ആനന്ദമവനല്ലോ ആനന്ദമത്യാനന്ദം.

भगवद्गीता किञ्चिदधीता
गङ्गा जललवकणिका पीता।
सकृदपि येन मुरारिसमर्चा
क्रियते तस्य यमेन न चर्चा।।२०

ആരുണ്ടൊരല്പം പോലും ഗീതതാൻ വായിച്ചവർ
ആരുണ്ടു ഗംഗാജലം സ്വല്പമേ കുടിച്ചവർ
ആരുണ്ടു ഹൃദി നിത്യം ശിവനെ ഭജിച്ചവർ
ഓർക്കുമോ യമദേവൻ ഇത്തരം മനുഷ്യരെ

पुनरपि जननं पुनरपि मरणं
पुनरपि जननी जठरे शयनम्।
इह संसारे बहुदुस्तारे
कृपया पारे पाहिमुरारे।। २१

വീണ്ടുമേ മണ്ണിൽ വന്നു പിറക്കുന്നു ഹന്തജനം
വീണ്ടുമേ വന്നു കഷ്ടം മാതാവിൻ ഗർഭത്തിലു
അക്കരെ കടക്കുവാൻ കഷ്ടമീ മണ്ണിൽ നിന്നും
രക്ഷിക്ക ശംഭോ ദേവ പാപിയാം ജനത്തിനെ

रथ्याचर्पटविरचितकन्थः
पुण्यापुण्यविवर्जितपन्थः।
योगीयोगनियोजितचित्तो
रमते बालोन्मत्तवदेव।। २२

കീറിയ തുണികളാൽ മാറാപ്പു ധരിച്ചാലും
പുണ്യപാപങ്ങൾ തന്റെ വഴിയെ ഗമിച്ചാലും
യോഗിയായ് നിത്യം മനം ധ്യാനത്താൽ നിറച്ചാലും
ബാലനായ് മോദിച്ചീടും ഉന്മാദിയാകും നൂനം

कस्त्वं कोऽहं कुत आयातः
का मे जननी को मे तातः।
इति परिभावय सर्वमसारं
विश्वं त्यक्त्वा स्वप्नविचारम्।।२३

നീയാരോ സഖേ ഞാനോ എങ്ങുനിന്നെത്തിയെന്നും
അമ്മതാനാരാണെന്റെയച്ഛൻ താനാരെന്നതും
വ്യർഥമേ സർവ്വം സർവ്വം സ്വപ്നമേ വിശ്വം സർവ്വം
നിസ്സാരം സർവ്വസ്വവും ചിത്തത്തിൽ ധരിക്ക നീ

त्वयि मयि चान्यत्रैको विष्णु-
र्व्यर्थं कुप्यसि मय्यसहिष्णुः।
भव समचित्तः सर्वत्र त्वं
वाञ्छस्यचिराद्यदि विष्णुत्वम्।।२४

നിന്നിലും വിളങ്ങുന്നുണ്ടെന്നിലും വിഷ്ണുദേവൻ
നന്നല്ല കോപമെന്നിൽ കാര്യങ്ങൾ നിനക്കാതെ
ഏവർക്കുസമചിത്തം സർവ്വമീ ജഗത്തിങ്കൽ
ആയവർ നേടും ചിരാൽ വിഷ്ണുതൻ മാർഗം ശുഭം

शत्रौ मित्रे पुत्रे बन्धौ
मा कुरु यत्नं विग्रहसन्धौ।
सर्वस्मिन्नपि पस्यात्मानं
सर्वत्रौत्सृज भेदाज्ञानम्।। २५

യുദ്ധവും മിത്രത്വവും നന്നല്ല ശത്രുക്കളിൽ
മിത്രങ്ങൾ തങ്ങളിലും ബന്ധുക്കൾ പുത്രരിലും
ഏവരുമിവരോർത്താൽ താൻതന്നെയെന്നുള്ളതും
സർവ്വരുമൊന്നാണെന്ന തത്ത്വത്തെയറിയേണം

कामं क्रोधं लोभं मोहं
त्यक्त्वाss त्मानं पस्यति सोs हम्।
आत्मज्ञानविहीना मूढा-
स्ते पच्यन्ते नरकनिगूढाः।। २६

ബ്രഹ്മം താൻ സ്വയമെന്നു ചിന്തിയ്ക്ക ലോഭം വിനാ
മോഹവും കാമക്രോധദ്ദൂഷ്യങ്ങളകറ്റേണം.
ആരിതു നിനയ്ക്കാതെ മണ്ണിതിൽ വസിക്കുന്നു-
ണ്ടവരല്ലോ നരകത്തിൽ ഗമിക്കേണ്ടൂ യഥാകാലേ

गेयं गीतानामसहस्रं
ध्येयं श्रीपतिरूपमजस्रम्।
नेयं सज्जनसङ्गे चित्तं
देयं दीनजनाय च वित्तम्।। २७

ഗീതയാം നാമം നിത്യം ചൊല്ലൂ നീ മടിയാതെ
ചിന്തിക്ക മനമതിൽ വിഷ്ണുതൻ പാദങ്ങളെ
സാധുവാം ജനത്തോടു ചേരട്ടെ മനസ്സെന്നും
പാവങ്ങൾക്കേകൂ നിത്യം ദാനമേ മഹാപുണ്യം

सुखतः क्रियते रामाभोगः
पश्चाद्धन्त शरीरे रोगः।
यद्यपि लोके मरणं शरणं
तदपि न मुञ्चति पापाचरणम्।।२८

ദേഹത്തിൻ സുഖത്തിനായ് പെണ്ണവൾ തന്നെ പൂകു-
രോഗങ്ങൾ പിടിപെട്ടു വലയുന്നു ജനം കഷ്ടം
ലോകമേ തന്നിൽ മുക്തി മരണം തന്നെയെന്നു-
ണ്ടറിവെങ്കിലും വീടാ പാപത്തിൻ പങ്കാളിത്തം

अर्थमनर्थं भावय नित्यं
नास्ति ततः सुखलेसः सत्यम्।
पुत्रादपि धनभाजां भीतिः
सर्वत्रैषा विहिता रीतिः।। २९

സമ്പത്തോ പരം ദോഷം ചിന്തിക്ക സഖേ നിത്യം
സുഖവും തെല്ലൊന്നുണ്ടോ സമ്പത്തു നൽകീടുന്നു.
മക്കളിൽ നിന്നും പേടിയതൊന്നേ ലഭിച്ചീടൂ
ഹാ ഹന്ത സമ്പത്തിന്റെ കേളികൾ ചിത്രം ചിത്രം

प्राणायामं प्रत्याहारं
नित्यानित्यविवेकविचारम्।
जाप्यसमेत समाधिविधानं
कुर्ववधानं महदवधानम्।। ३०

ശീലിക്ക പ്രാണായാമം പ്രത്യാഹാരവും നിത്യം
വേർതിരിച്ചറിയേണം നിത്യവുമനിത്യവും
ചിന്തിക്ക വീണ്ടും വീണ്ടും ചിത്തത്തിൽ സമാധിയാ-
ണുത്തമം കാര്യപ്രാപ്തിക്കിതുതാൻ മഹത്തരം

गुरुचरणाम्बुजनिर्भरभक्तः
संसारादचिराद्भव मुक्तः।
सेन्द्रियमानसनियमादेवं
द्रक्ष्यसि निजहृदयस्थं देवम्।।

*        *        *

ഗുരുവിൻ പാദങ്ങളെ ഭക്തിയോടോർക്കുന്നവൻ
മണ്ണിതിൽനിന്നും മുക്തി നേടീടും വഴിപോലെ
ചിത്തത്തെയടക്കിയും ഇന്ദ്രിയമൊതുക്കിയും
ഉൾത്താരിൽ വാഴും ദേവരൂപത്തെക്കണ്ടാലും നീ

*        *        *

**Translated by**

**Sri. Vijayan V. Pattambi**